സ്വഭാവം ഒരു ധനം. അത് സൂക്ഷ്മതയോടെ ചെലവഴിക്കുമ്പോഴാണ് ഉത്തമവും ഉപകാര പ്രദവുമാകുന്നത്.

''അവൻ ഒട്ടും ദക്ഷിണ്യമില്ലാത്തവനാകുന്നു'' എന്ന് ചിലരെക്കുറിച്ചു പറയാറുണ്ട്.

അനുകമ്പയുടെ കാരുണ്യത്തിന്റെ ലക്ഷണം. സമസൃഷ്ടികളോട് അനുകമ്പ തോന്നാത്ത വന്റെ മനസ്സ് കഠിനമാണ്.

അനുകമ്പയില്ലാത്തത് ഗർവിന്റെയും അഹങ്കാരത്തിന്റെയും ലക്ഷണം.

സഹവാസത്തിനുള്ള അടിസ്ഥാന ഉപാധിയാണ് അനുകമ്പ. പരസ്പരം അനുകമ്പയില്ലാത്ത വർക്ക് യോജിച്ചുള്ള ഒരു കാര്യവും ശരിയാകില്ല.

തന്നെക്കാൾ പ്രായം കുറഞ്ഞവരോടും യോഗ്യതകളിൽ താഴെയുള്ളവരോടും അനുകമ്പ യോടെ വർത്തിക്കൽ മാനുഷികധർമം.

സഹോദരൻ അനുഭവിക്കുന്ന പ്രയാസങ്ങളിലാണ് അനുകമ്പ ആവശ്യം. ജനത്തെക്കുറിച്ച് പരദൂഷണം പറയുന്നതും അവരെ ദ്രോഹിക്കുന്നതും അനുകമ്പയില്ലാത്തത് കൊണ്ടാണ്.

ദയാ-ദാക്ഷിണ്യം കാണിക്കുകയത്രെ മാനുഷിക വികാരങ്ങളിൽ ഉന്നതം. ജനത്തിന്റെ പ്രയാസങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നത് അലിവുള്ള മനസ്സികൾക്ക് മാത്രം. കഠിനഹൃദയങ്ങൾക്ക് അത്തരം ചിന്ത ഉണ്ടാവുകയില്ല.

മാന്യതയുടെ ഭാഗമാണ് അനുകമ്പ. അത് പൗരുഷത്തിന്റെ തന്ത്രം കൂടിയാണ്. അനുകമ്പ യുള്ളവരുടെ കൂടെ ജനം ഉണ്ടായിരിക്കും. അവരെ ശ്രദ്ധിക്കാൻ ജനത്തിന് ഉത്സാഹമാ യിരിക്കും. അനുകമ്പയില്ലാത്തവരിൽ നിന്ന് ജനം അകലും.

അനുകമ്പയില്ലാത്ത ചില ഉദ്യോഗസ്ഥരുണ്ട്. ജനത്തിന്റെ ആവശ്യങ്ങളിൽ അവരെ പ്രയാസപ്പെടുത്തുകയാണ് അത്തരക്കാർ ചെയ്യുക.

അനുകമ്പയോടുകൂടിയ ഉപദേശങ്ങൾക്ക് സ്വീകാര്യത വർദ്ധിക്കും. അലിവോടു കൂടിയ സംസാരം ധർമത്തിനു തുല്യമം. ഇത് ദൈവത്തിന്റെ അരുളപ്പാട്.

ഹൃദയകാഠിന്യവും കോപവും അത്യാഗ്രഹവും മനസ്സിനെ നശിപ്പിക്കുന്ന മാരകരോ ഗങ്ങൾ.

കാര്യഗൗരവത്തോടു കൂടി ചിന്തിക്കുക. ദാക്ഷിണ്യത്തോടു കൂടി സമീപിക്കുക. പരുഷ മായി പെരുമാറാതിരിക്കുക. അത് വിശ്വാസ്യതയിലേക്കുള്ള വഴി തുറക്കും.

ജനമധ്യത്തിൽ കർമ്മവും വാക്കും സൂക്ഷിക്കണം. എന്നാൽ അനുകമ്പയിലൂടെ ഏറെ ലീനസ്വഭാവത്തിൽ എത്താനും പാടില്ല. അത് പ്രയാസങ്ങളുണ്ടാക്കും. അനാവശ്യ സ്ഥാനങ്ങ ളിൽ ഒരിക്കലും അനുകമ്പ പ്രകടിപ്പിക്കരുത്. ഓരോന്നിനും ഓരോ സ്ഥാനമുണ്ട്. അതറിഞ്ഞു വേണം പെരുമാറുവാൻ.

ദാക്ഷിണ്യം പ്രകടിപ്പിക്കേണ്ട സ്ഥാനത്ത് അത് പ്രകടിപ്പിക്കാതിരുന്നാൽ അവസരം നഷ്ടപ്പെടും. പിന്നീട് അനുകമ്പ പ്രതീക്ഷിക്കുമ്പോൾ അത് ലഭിക്കാതെ വരികയും ചെയ്യും.

നീതിനടപ്പിലാക്കുക, വിചാരണ ചെയ്യുക, അവകാശങ്ങൾ നൽകുകയും ചോദിക്കുകയും ചെയ്യുക, മർദ്ദിക്കപ്പെട്ടവനെ സഹായിക്കുക, സദാചാരത്തിന് നിരക്കാത്ത അധാർമിക കൃത്യങ്ങളെ തടയുക തുടങ്ങിയ മേഖലകളിലൊന്നും ദാക്ഷിണ്യം പാടില്ല.

സൂര്യകിരണങ്ങൾ മഞ്ഞുകണങ്ങളെ ഒപ്പിയെടുക്കുന്നതുപോലെയാണ് അനുകമ്പയോടു കൂടിയ വാക്കുകൾ മനസ്സിന്റെ പ്രയാസങ്ങളെ ഒപ്പിയെടുക്കുന്നത്.

അനുകമ്പയും വിട്ടുവീഴ്ചയും സ്വഭാവത്തിന്റെ സൗന്ദര്യമാകുന്നു.

നിർദാക്ഷിണ്യപെരുമാറ്റം അനുഭവിക്കുമ്പോഴാണ് അനുകമ്പയുടെ വില മനുഷ്യൻ അറിയു കയുള്ളു. ഒരാളെ തിരിച്ചറിയാനാകുന്നത് അയാളുടെ വാക്കിലൂടെയല്ല, കർമ്മത്തിലൂടെ. അയാളുടെ മനസ്സിന്റെ സ്നേഹം അറിയാൻ സാധിക്കുന്നത് നാവിലൂടെയല്ല, ദയ നിറഞ്ഞ കണ്ണിലൂടെ.

അനുകമ്പയോടെ സംസാരിക്കുക, ശാന്തമായി കേൾക്കുക, ആത്മാർഥതയോടെ കാര്യ ങ്ങൾ ചെയ്യുക, ഗുണകാംക്ഷയോടെ ഇടപഴകുക. ജനമനസ്സുകളിൽ തങ്ങിനിൽക്കുന്ന പെരു മാറ്റം അതത്രെ. ഫലഭൂയിഷ്ഠമായ നിലം പച്ചപിടിച്ച ആകർഷകമായ കൃഷിയിടത്തെ സൃഷ്ടി ക്കുന്നതുപോലെയാണത്.

ഇതിനൊക്കെ അടിസ്ഥാനം ഉന്നത സംസ്കാരവും വിജ്ഞാനവുമാണ്.

ഒരിക്കൽ പ്രകടിപ്പിച്ച സ്വഭാവത്തിന്റെ പേരിൽ പിന്നീട് ഖേദപ്രകടനം നടത്തിയതുകൊണ്ട് കാര്യമില്ല. താഴെയുള്ളവാട് കോപം തോന്നുന്ന നിമിഷങ്ങളിലും വിവേകത്തോടെ പെരു മാറുക. അതാണ് വ്യക്തിത്വത്തിന് ചേർന്നത്.

ജനത്തിൽ ഐശ്വര്യവാനായി നിലയുറപ്പിക്കുകയത്രെ മാന്യത. അത് സാമ്പത്തിക പ്രശ്ന ങ്ങളിലായാലും പെരുമാറ്റത്തിലായാലും ശരി. വിട്ടുവീഴ്ചയും അനുകമ്പയും കൈക്കൊള്ളു കയാണ് അതിന്റെ വഴി.

ഒരുവന്റെ വീഴ്ചയുടെ പേരിൽ നിയമനടപടി എടുക്കുന്നതിനെക്കാൾ നല്ലത് അവനോട് അനുകമ്പ കാണിക്കുകയും പൊറുക്കുകയുമാണ്.

പുഞ്ചിരിക്കുന്ന മുഖവും അനുകമ്പയോടു കൂടിയ പെരുമാറ്റവുമാണ് മനുഷ്യരുമായുള്ള പെരുമാറ്റത്തിലെ പുണ്യം.